# Handbook

# for

# Bhashamrutham

# Std-3



RAINBOW
PUBLISHERS PVT. LTD.
Value Education

IX/14-15, Kakkanad-Pallikkara
Road, Athani
Kusumagiri P.O., Kakkanad,
Kochi-682 030.
Phone: 0484-2429261,
9072391869, 8594040422

## ഭാഷ

മനുഷ്യരുടെ ആന്തരികവും ബാഹ്യവും ആയ ജീവിതത്തിന്റെ പ്രധാന ഘടകമാണ് ഭാഷ. ആശയവിനിമയത്തിനുള്ള സ്വഭാവികമായ ഉപാധിയാണ് 'ഭാഷ' എന്നതിനപ്പുറം ജീവിതത്തിന്റെ സമസ്തതലങ്ങളുമായി അത് ബന്ധപ്പെട്ടിരിക്കുന്നു.

- ❖ വിദ്യഭ്യാസത്തിന്റെ അടിസ്ഥാനഘടകം ഭാഷയാണ്. അതിനനുസരണമായി ഭാഷാധ്യാപനത്തിന് വ്യക്തമായ ചില ലക്ഷ്യങ്ങളുണ്ട്. വിദ്യാഭ്യാസം കൊണ്ട് എന്താണോ ലക്ഷ്യമാക്കുന്നത് ആ ലക്ഷ്യം നേടാൻ പ്രയോജനപ്പെടുന്ന മാർഗ്ഗങ്ങൾ അധ്യാപന സമ്പ്രദായത്തിൽ സ്വീകരിക്കണം.
- ❖ ശബ്ദമാണ് ഭാഷയുടെ സ്വാഭാവികവും അടിസ്ഥാനപരവുമായ രൂപം. ഉച്ചരിക്കുന്ന ശബ്ദമായ 'വർണ്ണ'ത്തെ സൂചിപ്പിക്കുന്ന രേഖാസങ്കേതമാണ് ലിപി.
- ❖ മനുഷ്യൻ ഉച്ചരിക്കുന്ന ശബ്ദങ്ങളുടെ ലിഖിതസങ്കേതമാണ് അക്ഷരങ്ങൾ. അക്ഷരം എഴുതാൻ സ്വീകരിക്കുന്ന രേഖയാണ് ലിപി.
- ❖ അക്ഷരത്തിന്റെ ശരീരം ലിപിയും ആത്മാവ് ഉച്ചാരണവും ആകുന്നു.

## മാതൃഭാഷ

വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനശിലയാണ് മാതൃഭാഷ. മാതൃഭാഷയിൽ ശരിയായ അറിവ് ഉണ്ടാകാത്തിടത്തോളം വിദ്യാഭ്യാസം പൂർണ്ണമായി എന്നു കരുതാൻ സാധ്യമല്ല. ശിശുവിന് മാതാവിന്റെ മുലപ്പാൽ എങ്ങനെയാണോ അതുപോലെയാണ് വിദ്യാർത്ഥികൾക്ക് മാതൃഭാഷയെന്ന് മഹാകവി രവീന്ദ്രനാഥടാഗോർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

മിണ്ടിത്തുടങ്ങാൻ ശ്രമിക്കുന്ന പിഞ്ചിളം
ചുണ്ടിന്മേലമ്മിഞ്ഞപ്പാലോടൊപ്പം
അമ്മയെന്നുള്ള രണ്ടക്ഷരമല്ലയോ
സമ്മേളിച്ചീടുന്നതൊന്നാമതായ്?

മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ!
മർത്ത്യനു പെറ്റമ്മ തൻഭാഷതാൻ.

മാതാവിൻ വാത്സല്യദുഗ്ദ്ധം നുകർന്നാലേ
പൈതങ്ങൾ പൂർണ്ണവളർച്ച നേടൂ.
അമ്മതാൻ തന്നേ പകർന്നു തരുമ്പോഴേ
നമ്മൾക്കമൃതുമമൃതായ് തോന്നൂ!



ഏതൊരു വേദവുമേതൊരു ശാസ്ത്രവു-
മേതൊരു കാവ്യവുമേതൊരാൾക്കും
ഹൃത്തിൽ പതിയേണമെങ്കിൽ സ്വഭാഷതൻ
വക്ത്രത്തിൽ നിന്നു താൻ കേൾക്കവേണം!

മാതൃഭാഷയുടെ മഹത്വം മഹാകവി വള്ളത്തോൾ ഉദ്ഘോഷിക്കുന്നു. ഇതിൽനിന്നും മൂന്നുകോടി ജനങ്ങൾ സംസാരിക്കുന്ന നമ്മുടെ മാതൃഭാഷ മലയാളത്തിന്റെ പ്രാധാന്യം, മഹിമ വ്യക്തമാക്കുന്നു. അതുകൊണ്ടുതന്നെ ഇതര വിഷയങ്ങളിൽ/ഭാഷകളിൽനിന്ന് വ്യത്യസ്തമായ സമീപനമാണ് ഭാഷാധ്യാപനത്തിൽ സ്വീകരിക്കേണ്ടത്.

ആശയവിനിമയോപാധി, സാഹിത്യമാധ്യമം എന്നീ നിലകളിൽ നിന്ന് ഭാഷാപ്രയോഗക്ഷമതയിൽ എത്തിച്ചേരുക എന്നതാണ് ഭാഷാധ്യാപനത്തിന്റെ ആത്യന്തികലക്ഷ്യം.

ശ്രവണം
ഭാഷണം
വായന
ലേഖനം

എന്നീ നൈപുണികൾ സ്വയത്തമാക്കുക ഭാഷയിൽ പ്രാവീണ്യം നേടുക.

- ❖ സാഹിത്യം ആസ്വദിക്കുക.
- ❖ സന്ദർഭാനുസരണം നൂതനപദങ്ങളുടെ പ്രയോഗം
- ❖ സ്വന്തമായ ഭാഷാശൈലി രൂപപ്പെടുത്തുക

## പ്രാഥമികതലം/പ്രൈമറിതലം

- ❖ വിദ്യാഭ്യാസത്തിലെ പ്രധാനഘട്ടമാണ് പ്രാഥമികഘട്ടം/പ്രൈമറിതലം.
- ❖ മാതാപിതാക്കൾ, കുടുംബാംഗങ്ങൾ, മറ്റുള്ളവർ സംസാരിക്കുന്നത് കേട്ടും അനുകരിച്ചും കുട്ടികൾ ഭാഷാപഠനം ആരംഭിക്കുന്നു.
- ❖ കുട്ടിയുടെ ആശയങ്ങളും ശബ്ദങ്ങളും പരിമിതമായിരിക്കുന്ന ഈ സാഹചര്യത്തിൽ, പ്രൈമറി വിദ്യാഭ്യാസത്തിൽ ഭാഷാപരമായ നല്ല ശീലങ്ങൾ വളർത്തേണ്ട ഉത്തരവാദിത്വം ഓരോ ഭാഷാധ്യാപകനും ഉണ്ട്.
- ❖ ഭാഷയുടെ ശരിയായ രൂപം കുട്ടികളിൽ ഉറപ്പിക്കണം.
- ❖ തെറ്റുകൂടാതെ സംസാരിക്കുവാനും വായിക്കാനും എഴുതാനും ഉള്ള കഴിവ് കുട്ടികൾക്ക് ഉണ്ടാകണം.

❖ സാഹിത്യാസ്വാദനത്തിനുള്ള പ്രാരംഭ പരിശീലനവും കുട്ടികൾ നേടണം.

❖ വ്യാകരണസംബന്ധമായ അടിസ്ഥാന അറിവുകൾ നേടാൻ ശ്രമിക്കണം.

## ഭാഷാധ്യാപനരീതികൾ – പ്രാഥമികതലം

❖ വസ്തുബോധ പഠനം ഭാഷാഭ്യസനത്തിൽ പ്രാധാന്യം അർഹിക്കുന്നു.

❖ അനുകരണം/ ആവർത്തനം പഠനത്തെ സഹായിക്കുന്നു.

❖ ചിത്രവായന, ചിത്രരചന എന്നിവയിൽനിന്ന് ആശയങ്ങൾ ഗ്രഹിക്കാനും പ്രകടിപ്പിക്കാനും കഴിയും.

❖ കളിരീതികളിലൂടെ പഠനം:
- കുട്ടികൾ കളി ഇഷ്ടപ്പെടുന്നു.
- അനുകരണം, ശേഖരണം, മാത്സര്യം എന്നിവ കളികളിൽ അന്തർഭവിച്ചിരിക്കുന്നു.
- സാമൂഹികമായ വളർച്ചയ്ക്കു കാരണമാകുന്നു.
- ബുദ്ധി വികസിക്കുന്നു.
- കായികവികാസത്തിന് കാരണമാകുന്നു.

❖ പ്രൈമറി ക്ലാസ്സിനു യോജിച്ച ചില കളികൾ:

1. അനേകം വസ്തുക്കൾ/ ആശയങ്ങൾ അടങ്ങിയ ഒരു ചിത്രം കുട്ടികളെ കാണിക്കണം.
   - ഒരേ അക്ഷരം വരുന്ന വസ്തുക്കൾ കണ്ടെത്തുക.
   - ആശയങ്ങൾ- കഥാരൂപത്തിലാക്കുവാൻ ആവശ്യപ്പെടുക.
   - പദാർത്ഥങ്ങളുടെ പേര് കണ്ടെത്തുക.
2. അക്ഷരങ്ങൾ കാർഡുരൂപത്തിലാക്കുക. കാർഡിലുള്ള അക്ഷരങ്ങൾ തിരിച്ചറിയാൻ കുട്ടികളോട് ആവശ്യപ്പെടുക.
   - ബോർഡിൽ വാക്കുകൾ/ വാക്യം എഴുതുക. എഴുതിയ വാക്യം ഉറക്കെ വായിക്കുക. അല്പ സമയം കഴിഞ്ഞ് ബോർഡിൽനിന്ന് വാക്കുകൾ



നീക്കം ചെയ്യണം. ഇനി കുട്ടികളോട് അത് കണ്ടെത്താൻ പറയണം.
- വാക്യത്തിന്റെ ക്രമംതെറ്റി എഴുതുക. ക്രമത്തിലെഴുതുക.
- പദസൂര്യൻ/ അക്ഷരസൂര്യൻ... തുടങ്ങി നിരവധി മാതൃകകൾ കണ്ടെത്തുക.

കുട്ടികളെ പഠനത്തിൽ താൽപ്പര്യം ഉണർത്താൻ സഹായിക്കുക. സമഗ്രവും നിരന്തരവുമായ മൂല്യനിർണ്ണയത്തെ മുൻനിർത്തിയുള്ള പാഠ്യപദ്ധതിയിലൂടെ പഠിതാവിന്റെ പരിപൂർണ്ണമായ കഴിവ് വളർത്താൻ ഓരോ അധ്യാപികയ്ക്കും കഴിയട്ടെ.

## മലയാള അക്ഷരമാല

മലയാളഭാഷയിലെ അക്ഷരമാലയിൽ 15 സ്വരങ്ങളും 36 വ്യഞ്ജനങ്ങളും ചേർന്ന് 51 അക്ഷരങ്ങളാണ് ഉള്ളത്.

**സ്വരാക്ഷരങ്ങൾ** (vowels)

അ ആ ഇ ഈ ഉ ഊ ഋ എ ഏ ഐ
ഒ ഓ ഔ അം അഃ

**ഹ്രസ്വമായ ഉച്ചാരണം**: അ ഇ ഉ ഋ എ ഒ

**ദീർഘമായ ഉച്ചാരണം**: ആ ഈ ഊ ഏ ഓ ഐ ഔ

**വ്യഞ്ജനങ്ങൾ** (consonants)

| വർഗ്ഗം | ഖരം | അതിഖരം | മൃദു | ഘോഷം | അനുനാസികം |
|---|---|---|---|---|---|
| ‘ക’ വർഗ്ഗം | ക | ഖ | ഗ | ഘ | ങ |
| ‘ച’ വർഗ്ഗം | ച | ഛ | ജ | ഝ | ഞ |
| ‘ട’ വർഗ്ഗം | ട | ഠ | ഡ | ഢ | ണ |
| ‘ത’ വർഗ്ഗം | ത | ഥ | ദ | ധ | ന |
| ‘പ’ വർഗ്ഗം | പ | ഫ | ബ | ഭ | മ |

യ ര ല വ ള ഴ റ → മാധ്യമങ്ങൾ
ശ ഷ സ → ഊഷ്മാക്കൾ
ഹ → ഘോഷി

## പാഠം 1 എന്റെ ഭാഷ

### പഠനലക്ഷ്യങ്ങൾ

- ✳ കവിതയുടെ ഈണവും താളവും കണ്ടെത്തുന്നു.
- ✳ ആശയം ഗ്രഹിക്കുന്നു
- ✳ ആസ്വാദനം തയ്യാറാക്കുന്നു.
- ✳ കവിത മനഃപാഠമാക്കുന്നു.
- ✳ മാതൃഭാഷാ പ്രാധാന്യം തിരിച്ചറിയുന്നു.
- ✳ മാതൃസ്നേഹം വളരുന്നു.
- ✳ കവിപരിചയം വള്ളത്തോളിനെ അറിയുന്നു.

### ആമുഖം

മാതൃഭാഷയുടെ പ്രാധാന്യം മഹത്വം വ്യക്തമാക്കുന്ന മഹാകവി വള്ളത്തോളിന്റെ പ്രമുഖകവിതയാണ് 'എന്റെ ഭാഷ'. ആശയവിനിമയോപാധി എന്നതിനപ്പുറം മാതൃഭാഷയുടെ സ്വാധീനം എത്ര വലുതാണ് എന്ന തിരിച്ചറിവ് കുട്ടികളിൽ എത്തുന്നു.

- ✳ കുട്ടികൾ ഏറ്റവും ഇഷ്ടപ്പെടുന്ന ഭാഷ?
- ✳ വളരെ വ്യക്തമായും അനായാസമായും ഉപയോഗിക്കുന്ന ഭാഷ?

എന്നീ ചോദ്യങ്ങളുടെ ഉത്തരം കണ്ടെത്താൻ കുട്ടികളെ സഹായിക്കാം.

- ✳ മാതൃഭാഷയുടെ പ്രാധാന്യത്തെ വ്യക്തമാക്കികൊണ്ട് കവിതയിലേക്ക് കടക്കാം.
- ✳ ജനിക്കുമ്പോൾ മുതൽ അല്ലെങ്കിൽ അമ്മയുടെ ഉദരത്തിൽ രൂപം കൊള്ളുമ്പോൾ മുതൽ നമ്മളെ വളരെ ആഴത്തിൽ സ്വാധീനിക്കുന്ന ഭാഷയാണ് മാതൃഭാഷ.



- ✳ അമ്മയുടെ മുലപ്പാലിനൊപ്പം മാതൃഭാഷയായ മലയാളവും സമ്മേളിക്കുന്നു.
- ✳ മറ്റുഭാഷകൾ കേവലം ധാത്രിമാരും മാതൃഭാഷ പെറ്റമ്മയുമാണെന്ന് കവി വിശദമാക്കുന്നു.
- ✳ ഒരു വ്യക്തിയുടെ ജീവിതവളർച്ചയിൽ പെറ്റയ്ക്കുള്ള സ്ഥാനം തന്നെയാണ് മാതൃഭാഷയ്ക്കുള്ളതെന്നാണ് മഹാകവി വള്ളത്തോൾ വ്യക്തമാക്കുന്നത്.
- ✳ മാതൃഭാഷയുടെ പ്രാധാന്യം വ്യക്തമാക്കുന്ന പ്രസംഗം/പോസ്റ്റർ തയ്യാറാക്കാൻ കുട്ടികളെ സഹായിക്കാം.

### പഠനപ്രവർത്തനങ്ങൾ

#### പാഠപുസ്തകം

✳ **സമാനപദങ്ങൾ**:

- മർത്യൻ = മനുഷ്യൻ
- അമ്മ = ജനനി
- സമ്മേളിക്കുക = കൂടിച്ചേരുക
- ധാത്രി = വളർത്തമ്മ

✳ **ശരിയായ പദം**:

- ഭാഷ
- ധാത്രി

✳ **ഉത്തരങ്ങൾ**:

1. കുഞ്ഞിന്റെ ചുണ്ടിൽനിന്ന് ആദ്യം ഉതിരുന്ന അക്ഷരങ്ങൾ 'അമ്മ' എന്നുള്ളതാണ്.
2. മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാരെപ്പോലെയാണ്.
3. മനുഷ്യന്റെ ജീവിതവളർച്ചയിൽ പെറ്റമ്മയ്ക്ക് വലിയ പ്രാധാന്യമുണ്ട്. പെറ്റമ്മയെപ്പോലെത്തന്നയാണ് മാതൃഭാഷയും.

4. നമ്മുടെ മാതൃഭാഷ മലയാളമാണ്.

✳ **പ്രസംഗം തയ്യാറാക്കാം; അവതരിപ്പിക്കാം:**

- പ്രസംഗം ഒരു കലയാണ്. പ്രസംഗം ഏതുതരമായാലും (സ്വാഗതപ്രസംഗം, അദ്ധ്യക്ഷപ്രസംഗം, അഭിനന്ദനപ്രസംഗം) പ്രസംഗം തുടങ്ങുമ്പോൾ സന്നിഹിതരായിരിക്കുന്ന എല്ലാവരെയും അഭിസംബോധന ചെയ്യണം.
- പറയാനുള്ള കാര്യങ്ങൾ ലളിതമായും വ്യക്തമായും പറയണം.
- ആവശ്യമില്ലാത്ത വിശദീകരണങ്ങൾ ഒഴിവാക്കണം.
- പ്രസംഗത്തിന് ഉപസംഹാരമുണ്ടായിരിക്കണം.
- കവിത, ഗുണപാഠകഥകൾ തുടങ്ങിയവ ഉചിതമായ അവസരങ്ങളിൽ ചേർക്കണം.
- പ്രസംഗശൈലി മനസ്സിലാക്കണം.

<u>അഭിസംബോധന</u>

ബഹുമാന്യരായ വിശിഷ്ടാതിഥികളെ, ഗുരുജനങ്ങളെ, പ്രിയപ്പെട്ട രക്ഷിതാക്കളെ, സഹപാഠികളെ,

..........................................................................

✳ **കൂട്ടക്ഷരങ്ങൾ വരുന്ന വാക്കുകൾ:**

- പിഞ്ചിളം
- മിണ്ടിത്തുടങ്ങാൻ
- അമ്മിഞ്ഞ
- അമ്മ
- രണ്ടക്ഷരം
- സമ്മേളിക്കുക
- മർത്ത്യൻ
- പെറ്റമ്മ

✳ **മാതൃഭാഷയുടെ പ്രാധാന്യം വ്യക്തമാക്കുന്ന കവിത കണ്ടെത്തുക:**

- നന്മൊഴി നറുമൊഴി മലയാളം!
  നമ്മുടെ തായ്മൊഴി മലയാളം!



കേരളനാട്ടിലെ മാളോരുടെ മൊഴി
കേളിയെഴും പ്രിയമലയാളം!

നന്മൊഴി നറുമൊഴി മലയാളം!
നമ്മുടെ തായ്മൊഴി മലയാളം!
നേരുര ചെയ്യാൻ കിനാവുകാണാൻ
നേർമൊഴി നമ്മുക്ക് മലയാളം

**ഒ. എൻ. വി.**

- അമ്മിഞ്ഞപ്പാലോലും ചോരിവാകൊണ്ടാദ്യ-
  മമ്മയെത്തന്നേ വിളിച്ച കുഞ്ഞേ,
  മറ്റൊരു മാതാവു കൂടിയുണ്ടെന്മക-
  ന്നുറ്റ വാത്സല്യമോടോമനിപ്പാൻ.

**വള്ളത്തോൾ**

## അഭ്യാസപുസ്തകം

✳ **സമാനപദങ്ങൾ:**

- മർത്യൻ = മനുഷ്യൻ
- ധാത്രി = വളർത്തമ്മ

✳ **ശരിയായ പദം:**

- ഭാഷ
- ധാത്രി
- അക്ഷരം

✳ **പകരം പദം:**

- മനുഷ്യൻ : മർത്യൻ
- കുട്ടികൾ : പൈതങ്ങൾ
- വളർത്തമ്മ : ധാത്രി
- പാൽ : ദുഗ്ധം

# പാഠം 2 കീരിയും കുഞ്ഞുങ്ങളും

**പഠനലക്ഷ്യങ്ങൾ**

✳ കഥകൾ വായിക്കുക; ആശയം ഗ്രഹിക്കുക.

✳ കഥകൾ പറയുക.

✳ ശീർഷകം/ഉചിതമായ തലക്കെട്ട് നൽകുക.

✳ ചെറിയ കഥകൾ തയ്യാറാക്കുക.

✳ ചിത്രങ്ങൾ/സൂചനകൾ അനുസരിച്ച് കഥ പറയുക/ രചിക്കുക.

### ആമുഖം

കഥകേൾക്കാൻ/പറയാൻ ഇഷ്ടമില്ലാത്തവരായി ആരും കാണുകയില്ല. കുട്ടികൾക്കും കഥ വളരെ ഇഷ്ടമാണ്. പാഠഭാഗത്ത്/കഥയിൽ കൊടുത്തിരിക്കുന്ന ചിത്രം ബോർഡിൽ വരയ്ക്കുകയോ, ചാർട്ടിലിടുകയോ ചെയ്യുക. കുട്ടികൾ അവരുടെ ഭാവനയ്ക്കനുസരിച്ച് കഥകൾ പറയട്ടെ. ശേഷം അധ്യാപിക പാഠഭാഗത്തെ കഥ രസകരമായി അവതരിപ്പിക്കുക. സംഭാഷണരൂപത്തിലും ഈ കഥ ക്ലാസ്സിൽ അവതരിപ്പിക്കാവുന്നതാണ്.

'അവരവരുടെ കാര്യം അവരവർ തന്നെ നോക്കണം.' മറ്റുള്ളവരെ ആശ്രയിക്കാതെ തനിയെ കാര്യങ്ങൾ ചെയ്യാനുള്ള പ്രാപ്തി മക്കൾക്കുണ്ടാകണമെന്ന് ആഗ്രഹിക്കുന്ന അമ്മയാണ് കഥയിലെ തള്ളക്കീരി. ദിവസവും സംഭവിക്കുന്ന കാര്യങ്ങൾ വിശദമായി മാതാപിതാക്കളോട് പങ്കുവയ്ക്കുന്ന കുട്ടികളെ പോലെയാണ് ഈ കഥയിലെ മക്കൾ. ഇവർ കുട്ടികളുടെ ജീവിതത്തിൽ സ്വാധീനം ചെലുത്തുന്ന രീതിയിലായിരിക്കണം അധ്യാപിക കഥ കുട്ടികൾക്കു മുൻപിൽ അവതരിപ്പിക്കേണ്ടത്.

## പഠനപ്രവർത്തനങ്ങൾ

### പാഠപുസ്തകം

✳ **സമാനപദങ്ങൾ**:

- ഭക്ഷണം = ആഹാരം
- ദിനം = ദിവസം
- അരികെ = അടുത്ത്
- സായാഹ്നം = വൈകുന്നേരം



- കർഷകൻ = കൃഷിക്കാരൻ
- പേടി = ഭയം

✳ **പിരിച്ചെഴുതുക**:

- ഭയപ്പെടാനില്ല ⟶ ഭയപ്പെടാൻ + ഇല്ല
- തിരിച്ചെത്തിയ ⟶ തിരിച്ച് + എത്തിയ
- സമീപത്താണ് ⟶ സമീപത്ത് + ആണ്

✳ **ചേർത്തെഴുതുക**:

- സമയം + ആയി ⟶ സമയമായി
- അമ്മ + കിളി ⟶ അമ്മക്കിളി
- കരുതി + ഇരിക്കണം ⟶ കരുതിയിരിക്കണം

✳ **വാക്യരചന**:

- കരുതിയിരിക്കണം: ശത്രുരാജ്യത്തിന്റെ ആക്രമണം പട്ടാളക്കാർ <u>കരുതിയിരിക്കണം</u>.
- ഭയപ്പെടാനില്ല: കർമ്മങ്ങൾ കൃത്യമായി ചെയ്യുന്നവർക്ക് ഒന്നിനേയും <u>ഭയപ്പെടാനില്ല</u>.

✳ **ഉത്തരങ്ങൾ**:

1. കീരിയും കുഞ്ഞുങ്ങളും ഒരു വയലിന്റെ സമീപത്തുള്ള വലിയ മരത്തിന്റെ ചുവട്ടിലുള്ള മാളത്തിലാണ് താമസിച്ചിരുന്നത്.
2. കൊയ്ത്തിന്റെ സമയമായതിനാൽ മനുഷ്യരുടെ ഉപദ്രവം ഉണ്ടാകും, കരുതിയിരിക്കണം എന്നാണ് തള്ളക്കീരി കുഞ്ഞുങ്ങളോട് പറഞ്ഞത്.
3. അയൽക്കാരേയും ബന്ധുക്കളേയും കിട്ടാത്തതിനാൽ കൃഷിക്കാരനും ഭാര്യയും നാളെത്തന്നെ കൊയ്യാൻ വരുമെന്നാണ് കീരി അറിഞ്ഞത്.
4. അവരവരുടെ കാര്യം അവരവർ നോക്കണം. മറ്റു

ള്ളവരെ ആശ്രയിച്ചിട്ടു കാര്യമില്ല. എന്നതാണ് ഈ കഥയിൽ നിന്നും നമുക്കു മനസ്സിലാകുന്നത്.

## അഭ്യാസപുസ്തകം

※ **ശരിയായ അക്ഷരം:**

- ഉപദ്രവം
- ഉടമസ്ഥൻ
- തള്ളക്കീരി
- അയൽക്കാരൻ

※ **പര്യായസൂര്യൻ:**

ആഹാരം: ഭോജനം, തീറ്റ, ഭക്ഷണം, ഇര

മരം: തരു, ശാഖി, വൃക്ഷം

※ **സംഭാഷണം:**

നമ്മുടെ ഉള്ളിലുള്ള ആശയം അന്യരെ അറിയിക്കുന്നതിനുള്ള പ്രധാന ഉപാധിയാണ് സംഭാഷണം.

രണ്ടുപേർ തമ്മിൽ നേരിട്ടുസംസാരിക്കുന്നതാണ് അഭികഥനം. (Direct speech)

കീരി : 'മക്കളേ, കൊയ്ത്തിന്റെ സമയമായി.'

കുഞ്ഞ് : 'അതിനെന്താ അമ്മേ?'

കീരി : 'മനുഷ്യരുടെ ഉപദ്രവം ഏതു സമയവും ഉണ്ടാകും.'

കുഞ്ഞ് : 'അയ്യോ പേടിയാവുന്നു.'

കീരി : 'ഭയപ്പെടാനില്ല.'

※ **പദങ്ങൾ ക്രമത്തിലാക്കാം:**

- അവരവരുടെ കാര്യം അവരവർ എപ്പോഴും നോക്കണം.
- അവരവരുടെ കാര്യം എപ്പോഴും അവരവർ



നോക്കണം.

- അവരവർ അവരവരുടെ കാര്യം എപ്പോഴും നോക്കണം.

※ **ഉത്തരങ്ങൾ:**

- വയലിന്റെ സമീപത്തുള്ള വലിയ മരച്ചുവട്ടിലുള്ള മാളത്തിൽ.
- തള്ളക്കീരി

※ **സമാനപദം:**

- നദിയുടെ തീരത്താണ് വലിയ മരം.

※ **ശരിയായവ:**

- മനുഷ്യരുടെ ഉപദ്രവം: എപ്പോഴും കരുതിയിരിക്കണം.
- വയലിൽ : നെല്ല് വിളഞ്ഞു.
- ആഹാരവുമായി : തിരിച്ചെത്തിയ അമ്മ.
- താമസസ്ഥലം : അന്വേഷിച്ചു പുറപ്പെട്ടു.

# പാഠം 3 കുട്ടികളുടെ ചാച്ചാജി

### പഠനലക്ഷ്യങ്ങൾ

※ ആത്മകഥ/ജീവചരിത്രം അറിയുന്നു.

※ ലഘുജീവചരിത്രക്കുറിപ്പുകൾ തയ്യാറാക്കുന്നു.

※ വായന വളരുന്നു.

※ ആശയം ഗ്രഹിക്കുന്നു.

※ ഗ്രഹിച്ച കാര്യങ്ങൾ പ്രസംഗരൂപത്തിൽ അവതരിപ്പിക്കുന്നു.

※ നെഹ്റുവിനെ അറിയുന്നു.

### ആമുഖം

ഇന്ത്യയുടെ പ്രഥമപ്രധാനമന്ത്രിയാര്?
എന്ന ചോദ്യത്തിനുത്തരം കുട്ടികളിൽനിന്നും കണ്ടെത്താം. ജവഹർലാൽ നെഹ്റു എന്ന ഉത്തരം കിട്ടിയ ശേഷം നെഹ്റുവിന്റെ ചിത്രം അടക്കമുള്ള ഒരു പദസൂര്യൻ/ചാർട്ട് അധ്യാപിക ക്ലാസ്സിൽ പ്രദർശിപ്പിക്കണം.

നെഹ്റു
- രാഷ്ട്രശില്പി
- ജവഹർലാൽനെഹ്റു
- അലഹബാദ്
- സ്വാതന്ത്ര്യസമരനായകൻ
- ഭാരതരത്നം
- ഇന്ത്യൻ പ്രഥമപ്രധാനമന്ത്രി
- ശിശുദിനം
- 1889 നവംബർ 14
- ഇന്ദിരാഗാന്ധി

✳ ചാർട്ടിനെ അടിസ്ഥാനപ്പെടുത്തി കുട്ടികൾ ഒരു ലഘുവിവരണം തയ്യാറാക്കട്ടെ.

✳ ഉചിതമായ ശീർഷകം നൽകാൻ നിർദ്ദേശിക്കണം.

✳ മികച്ച ലഘുവിവരണം ക്ലാസ്സിൽ അവതരിപ്പിക്കണം.

✳ ചുവർപത്രികയിൽ ആ ലഘുവിവരണം പ്രദർശിപ്പിക്കാം.

ഈ പ്രവർത്തനത്തിനുശേഷം പാഠഭാഗത്തേയ്ക്ക് കടക്കാം.

## പഠനപ്രവർത്തനങ്ങൾ

### പാഠപുസ്തകം

✳ **സമാനപദങ്ങൾ**:

- ബഹുമതി = ബഹുമാനം, പുരസ്ക്കാരം
- പ്രാഥമികം = ആദ്യത്തേത്, ഒന്നാമത്തേത്
- പിതാവ് = അച്ഛൻ
- ആദരിക്കുക = ബഹുമാനിക്കുക

✳ **ശരിയായ ഉത്തരം**:

- ജവഹർലാൽ നെഹ്റു



✳ **ജീവചരിത്രക്കുറിപ്പ്**:

- ആമുഖത്തിലെ പദസൂര്യൻ നോക്കുക. പദസൂര്യനിൽ കൊടുത്തിരിക്കുന്ന സൂചനകളുടെ സഹായത്തോടെ കുറിപ്പ് തയ്യാറാക്കുക.
- മാതാപിതാക്കൾ:
  മോത്തിലാൽ നെഹ്റു, സ്വരൂപാറാണി
- 1964 മെയ് 27ന് വിടപറഞ്ഞു.

✳ **ഉത്തരങ്ങൾ**:

1. 1947 ആഗസ്റ്റ് 15നാണ് ഇന്ത്യ സ്വതന്ത്രയായത്.
2. നെഹ്റു ഉപരിപഠനത്തിനായി ഇംഗ്ലണ്ടിൽ പോയി.
3. അത്യുന്നത രാഷ്ട്രബഹുമതിയാണ് 'ഭാരതരത്നം.'
4. 1916ൽ ലക്നൗ കോൺഗ്രസ്സ് സമ്മേളനത്തിൽ വച്ചാണ് നെഹ്റു ഗാന്ധിജിയെ ആദ്യമായി കണ്ടുമുട്ടിയത്.

✳ **താളത്തിൽ പാടാം**:

- കുട്ടികളെ സംഘങ്ങളായി തിരിക്കുക.
- താളം കണ്ടെത്താൻ നിർദ്ദേശിക്കുക.
- നെഹ്റുവിന്റെ രൂപം കണ്ടെത്തി പറയുക/ വരയ്ക്കുക.
- ഉചിതമായ തലക്കെട്ട് കുട്ടികൾ കണ്ടെത്തട്ടെ.

### അഭ്യാസപുസ്തകം

✳ **ഉചിതമായവ യോജിപ്പിക്കുക**:

- 1889 → നെഹ്റുവിന്റെ ജനനം.
- 1916 → കമലാകൗളിനെ വിവാഹം ചെയ്തു.
- 1917 → ഇന്ദിരാഗാന്ധിയുടെ ജനനം.

- 1947 ⇢ ഇന്ത്യ സ്വതന്ത്ര്യയായി.
- 1964 ⇢ നെഹ്റുവിന്റെ വിടവാങ്ങൽ

✳ **ശരിയോ തെറ്റോ?:**

1. ശരി    2. ശരി    3. തെറ്റ്

## പാഠം 4 കണ്ണന്റെ കുസൃതികൾ

### പഠനലക്ഷ്യങ്ങൾ

✳ കവിതകൾ ഈണത്തിൽ ചൊല്ലുന്നു.

✳ താളം കണ്ടെത്തുന്നു.

✳ ആശയം ഗ്രഹിക്കുന്നു.

✳ ഗ്രഹിച്ച വസ്തുതകൾ പറയുന്നു/ എഴുതുന്നു.

✳ കൃഷ്ണഗാഥ ഐതീഹ്യം മനസ്സിലാക്കുന്നു.

✳ ചെറുശ്ശേരിയുടെ രചനാശൈലി അറിയുന്നു.

### ആമുഖം

✳ കുട്ടികളുടെ ഇഷ്ടപ്പെട്ട വിനോദങ്ങൾ എന്താണ്?

✳ കുട്ടികൾ ചെയ്യുന്ന കുസൃതികൾ എന്തെല്ലാമാണ്? എന്നീ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തി പറയാൻ അധ്യാപിക കുട്ടികളെ സഹായിക്കണം. അവരുടെ അനുഭവങ്ങൾ/കണ്ണന്റെ കുസൃതികൾ/ലീലകൾ എന്നിവയുമായി അധ്യാപിക പാഠഭാഗത്തേയ്ക്ക് കടക്കട്ടെ.

✳ കൃഷ്ണന്റെ ബാല്യകാലകഥകളെപറ്റി കുട്ടികൾ അവർക്കറിയാവുന്ന കാര്യങ്ങൾ പങ്കുവയ്ക്കട്ടെ.

✳ കൃഷ്ണഗാഥയെപറ്റിയും ചെറുശ്ശേരിയെപ്പറ്റിയും ചെറിയ വിശദീകരണത്തിനുശേഷം കവിതാ ഈണത്തിൽ ചൊല്ലണം.



**കൃഷ്ണഗാഥ** → കൃഷ്ണന്റെ പാട്ട്

ചെറുശ്ശേരി ← (സമസ്യൻ) ഉദയവർമ്മൻകോലത്തിരി

→ ഭാഗവതം

→ ദശമസ്കന്ദം

→ മഞ്ജരിവൃത്തം

→ കൃഷ്ണന്റെ ജനനംമുതൽ സ്വർഗ്ഗാരോഹണം വരെയുള്ള കഥ

### ഐതീഹ്യം

✳ 1445 മുതൽ 1475 വരെ കോലത്തുനാട് ഭരിച്ചിരുന്ന രാജാവാണ് ഉദയവർമ്മൻ.

✳ ഉദയവർമ്മന്റെ സദസ്സിലെ അംഗമായിരുന്നു ചെറുശ്ശേരി നമ്പൂതിരി.

✳ ഒരിക്കൽ ചെറുശ്ശേരിയും മഹാരാജാവും ചതുരംഗം കളിക്കാനിരുന്നു.

✳ കളിയിൽ രാജാവ് പരാജയപ്പെടുമെന്ന സാഹചര്യം വന്നു.

✳ ആളിനെ ഉന്തിയാൽ രാജാവ് വിജയിക്കുമെന്ന് രാജപത്നി മനസ്സിലാക്കി.

✳ രാജപത്നി കുട്ടിയെ താരാട്ടു പാടിയുറക്കുന്ന രീതിയിൽ
'ഉന്തുന്തു ന്തുന്തുന്തു ന്തുന്തുന്തു
ന്തുന്തുന്തു ന്തുന്തുന്തുന്താളെയുന്ത്' എന്ന് പാടി.

✳ ഇതിന്റെ പൊരുൾ തിരിച്ചറിഞ്ഞ് മഹാരാജാവ് ആളെയുന്തി കളി ജയിച്ചു. ഈ രാഗത്തിന് 'ആളുന്തി രാഗം' എന്ന പേരും ലഭിച്ചു.

✳ രാജാവ് ഇതേ താളത്തിൽ ഭാഗവതം ദശമസ്കന്ദം കൃഷ്ണഗാഥയായി രചിക്കാൻ ചെറുശ്ശേരിയോട് ആവശ്യപ്പെട്ടു. അങ്ങനെയാണ് ചെറുശ്ശേരി കൃഷ്ണഗാഥ രചിച്ചത്.

✳ കൃഷ്ണന്റെ ബാലാലീലാവിനോദങ്ങളാണ് കണ്ണന്റെ കുസൃതികൾ എന്ന പാഠഭാഗത്തുള്ളത്.

※ കൃഷ്ണന്റെ മാതാവ് ദേവകി, പിതാവ് വസുദേവർ, വളർത്തച്ഛൻ നന്ദഗോപർ, വളർത്തമ്മ യശോദ.

※ കൃഷ്ണഗാഥയിൽ കവി ചെറുശ്ശേരി ശ്രീകൃഷ്ണന്റെ ബാലലീലയാണ് കൂടുതലും വർണ്ണിച്ചിരിക്കുന്നത്. കൃഷ്ണനെപ്പോലെ മനോഹരമായ ഒരു ബാല്യം മറ്റാർക്കുമില്ല. അമ്പാടിയിൽ കഴിഞ്ഞ കാലമാണ് കൃഷ്ണഗാഥയിൽ ഏറ്റവും ശക്തമായിട്ടുള്ളത്. അമ്പാടിയിലെ സകലരുമായുള്ള കൃഷ്ണന്റെ ആത്മബന്ധം എത്ര മനോഹരമായും ലളിതമായും കവി വർണ്ണിച്ചിരിക്കുന്നു എന്നതിന്റെ ഉത്തമദൃഷ്ടാന്തമാണ് 'കണ്ണന്റെ കുസൃതികൾ' എന്ന പാഠഭാഗം.

## പഠനപ്രവർത്തനങ്ങൾ

### പാഠപുസ്തകം

※ **പിരിച്ചെഴുതുക:**

- നിനക്കെന്ന് ⟶ നിനക്ക് + എന്ന്
- കാണുണ്ണി ⟶ കാണ് + ഉണ്ണി

※ **ചേർത്തെഴുതുക:**

- അ + മന്ദിരത്തിൽ ⟶ അമ്മന്ദിരത്തിൽ
- വാഴ + പഴം ⟶ വാഴപ്പഴം

※ **ഉത്തരങ്ങൾ:**

1. 'വെണ്ണ കാണുണ്ണി' എന്നു ചൊല്ലുമ്പോഴാണ് ശ്രീകൃഷ്ണൻ പെണ്ണുങ്ങളുടെ ചാരത്തു ചെല്ലുന്നത്.
2. വാഴപ്പഴത്തിന്റെ വാർത്ത കേൾക്കുമ്പോൾ ഉണ്ണിക്കണ്ണൻ വായും പിളർന്ന് മുന്നിൽ ചെല്ലും.

※ **കണ്ടെത്താം:**

1. കൃഷ്ണഗാഥയുടെ കർത്താവ് : ചെറുശ്ശേരി



2. മലയാളഭാഷയുടെ പിതാവ് : എഴുത്തച്ഛൻ
3. തുള്ളലിന്റെ ഉപജ്ഞാതാവ് : കുഞ്ചൻനമ്പ്യാർ

### അഭ്യാസപുസ്തകം

※ **ഒറ്റവാക്കിൽ ഉത്തരം:**

1. നീലകാർവർണ്ണൻ (ശ്രീകൃഷ്ണൻ) 2. ചെറുശ്ശേരി
3. ഗോപസ്ത്രീകൾ/അമ്പാടിയിലെ സ്ത്രീകൾ
4. വാഴപ്പഴത്തിന്റെ വാർത്ത കേൾക്കുമ്പോൾ

※ **ഉത്തരം:**

- അമ്പാടിയിൽ നല്ലവണ്ണം കളിച്ചുതുടങ്ങി ഓരോ വീട്ടിലും കൃഷ്ണൻ എത്തും. വെണ്ണ കാണുണ്ണി എന്നു പറയുമ്പോൾ പെണ്ണുങ്ങളുടെ ചാരത്ത് വേഗം ചെല്ലും. വാഴപ്പഴത്തിന്റെ വാർത്തയെ കേൾക്കുമ്പോൾ വായും പിളർന്നവൻ അവരുടെ മുൻപിൽ ചെല്ലും. പാൽച്ചോറെന്നു കേട്ടാൽ ഗോപസ്ത്രീകളുടെ പിന്നാലെ പാച്ചിൽ തുടങ്ങും.

## പാഠം 5 കച്ചവടക്കാരന്റെ ബുദ്ധി

### പഠനലക്ഷ്യങ്ങൾ

※ കഥ വായിക്കുക/ രചിക്കുക.
※ സംഭാഷണം തയ്യാറാക്കുക.
※ നാടകരൂപം കണ്ടെത്തുക; അവതരിപ്പിക്കുക.
※ അഭിനയം മനസ്സിലാക്കുന്നു.
※ ചിത്രങ്ങൾ നോക്കി കഥ/നാടകം രചിക്കുക.
※ ഉചിതമായ തലക്കെട്ട് കണ്ടെത്തുന്നു.

## ആമുഖം

- ⁕ പാഠഭാഗത്തിലെ ചിത്രത്തെ അടിസ്ഥാനപ്പെടുത്തി സംഭാഷണം തയ്യാറാക്കാൻ കുട്ടികളോട് അധ്യാപിക നിർദ്ദേശിക്കട്ടെ.
- ⁕ ഉചിതമായ സംഭാഷണങ്ങൾ ഉപയോഗിച്ച് അഭിനയരൂപത്തിൽ അവതരിപ്പിക്കുന്നതാണ് നാടകം.
- ⁕ ഒറ്റ അങ്കം മുതൽ ഒന്നിലധികം അങ്കങ്ങൾവരെയുള്ള വിവിധതരം നാടകങ്ങൾ ഉണ്ട്.
- ⁕ നാടകത്തിലെ കഥ വായനക്കാർക്കും കാഴ്ചക്കാർക്കും മനസ്സിലാകുന്നത് നടീനടൻമാരുടെ/ കഥാപാത്രങ്ങളുടെ സംഭാഷണത്തിലൂടെയും അഭിനയത്തിലൂടെയും ആണ്.
- ⁕ കച്ചവടക്കാരന്റെ ബുദ്ധി ഒരു നാടകമാണ്.
- ⁕ കുട്ടികൾ തയ്യാറാക്കിയ സംഭാഷണം അധ്യാപികയുടെ സഹായത്തോടെ കുട്ടികൾ ക്ലാസ്സിൽ അവതരിപ്പിക്കട്ടെ. ശേഷം പാഠഭാഗത്തേയ്ക്ക് കടക്കാം.
- ⁕ മൗനമായി വായിക്കാൻ നിർദ്ദേശിക്കാം. സംഘപ്രവർത്തനമായി പാഠഭാഗം അവതരിപ്പിക്കാൻ പറയണം. നാടകത്തിലെ കഥ ഭംഗിയായി പറയാൻ കുട്ടികളോട് നിർദ്ദേശിക്കാം.

## പഠനപ്രവർത്തനങ്ങൾ

### പാഠപുസ്തകം

⁕ **പര്യായം**:

- കുരങ്ങ് :കപി, വാനരൻ
- ശബ്ദം :ഒച്ച, നാദം
- മുഖം :വദനം, ആസ്യം
- സന്തോഷം :ആനന്ദം, മോദം



⁕ **പിരിച്ചെഴുതുക**:

- വേണമെങ്കിൽ ⟶ വേണം + എങ്കിൽ
- പമ്മിയിരിക്കുക ⟶ പമ്മി + ഇരിക്കുക

⁕ **ചേർത്തെഴുതുക**:

- കുട്ട + എടുക്കാൻ ⟶ കുട്ടയെടുക്കാൻ
- പതുങ്ങി + ഇരുന്ന ⟶ പതുങ്ങിയിരുന്ന

⁕ **ഉത്തരങ്ങൾ**:

1. വൃദ്ധന്റെ കുട്ടയിൽ നിറയെ തൊപ്പികളാണ് ഉണ്ടായിരുന്നത്.
2. 'കഷ്ടം! ഇന്ന് കച്ചവടമൊന്നും നടന്നില്ല. വിശപ്പും ദാഹവുംകൊണ്ട് വയ്യേ... വയ്യേ...' ഇതായിരുന്നു വൃദ്ധന്റെ ആത്മഗതം.
3. വൃദ്ധന്റെ കുട്ടയിലെ തൊപ്പികൾ കുരങ്ങൻമാർ എടുത്തത് കണ്ടിട്ടാണ് വൃദ്ധൻ അലറിയത്.
4. വൃദ്ധൻ ഉറങ്ങിയപ്പോൾ കുരങ്ങൻമാർ വൃദ്ധന്റെ കുട്ടയിലെ തൊപ്പികളെടുത്തു.

⁕ **നാടകം കഥയാക്കാം**:

- കഥ കേൾക്കുന്നവർക്ക്/വായിക്കുന്നവർക്ക് രസകരമാകണം.
- കഥയ്ക്ക് തുടക്കം, മധ്യം, അവസാനം എന്നീ ക്രമങ്ങൾ വേണം.
- പ്രധാന ആശയം വിട്ടുപോകരുത്.
- ചെറിയ ചെറിയ വാക്യങ്ങളുപയോഗിക്കണം.
- കഥയ്ക്ക് അനുയോജ്യമായ ശീർഷകം ഉണ്ടായിരിക്കണം.

✳ **അടിക്കുറിപ്പ് തയ്യാറാക്കാം:**

- തന്നിരിക്കുന്ന ചിത്രത്തിനനുയോജ്യമായ തരത്തിൽ വേണം അടിക്കുറിപ്പ് തയ്യാറാക്കാൻ.
- വളരെ ലളിതവും ഹ്രസ്വവുമായിരിക്കണം.
- കുട്ടികൾ അവരുടെ ഭാവനയ്ക്കനുസരിച്ച് അടിക്കുറിപ്പുകൾ കണ്ടെത്തട്ടെ.

'തൊപ്പി വാങ്ങുന്നോ?'

'തൊപ്പിക്കാരന്റെ കച്ചവടം'

'കുരങ്ങൻമാരുടെ വികൃതികൾ!'

'പാവം! തൊപ്പിക്കച്ചവടക്കാരൻ'

'മണ്ടൻ! ഇരിക്കും മരം മുറിക്കുന്നു!'

'ഇരിക്കും മരം മുറിക്കരുത്!'

✳ **സംഭാഷണം തയ്യാറാക്കാം:**

- സാക്ഷാൽ സംഭാഷണത്തെപറ്റി കഴിഞ്ഞ പാഠത്തിൽ കൊടുത്തിരിക്കുന്നത് നോക്കുക.

*ഉദാ:* അമ്മു : 'ദേവൂ... നീ എന്താ ഇവിടെ?'

ദേവു : 'ഹായ് അമ്മു... എത്ര നാളായി നിന്നെ കണ്ടിട്ട്. ഒരു പുസ്തകം വാങ്ങാൻ വന്നതാണ്.'

അമ്മു : 'ഞാനും. ക്ലാസ്സിൽ ഒരു നാടകമത്സരമുണ്ട്. അതിനുവേണ്ടിയുള്ള തയ്യാറെടുപ്പാണ്.'

ദേവു : 'എന്നാണ് നാടകം. ഞാൻ വരുന്നുണ്ട്.'

അമ്മു : 'മിക്കവാറും അടുത്തയാഴ്ച ആയിരിക്കും.'

ദേവു : 'എന്നെ അറിയിക്കണം.'

## അഭ്യാസപുസ്തകം

✳ **ശരിയായ അക്ഷരം:**

1. ക്ഷീണിച്ച 2. പരിശോധന



3. പമ്മിയിരിക്കുന്ന 4. സന്തോഷഭാവം

## പാഠം 6 ഓണം വന്നൂ...

### പഠനലക്ഷ്യങ്ങൾ

✳ കവിത/നാടൻപാട്ട് ഈണത്തിലും താളത്തിലും പാടുന്നു.

✳ കവിതകൾ ആസ്വദിക്കുക.

✳ ആശയം കണ്ടെത്തി പ്രതിപാദിക്കുക.


✳ സർഗാത്മകരചനകൾ നടത്തുക.

✳ ഓണം - ദേശീയോത്സവം അറിയുന്നു.

✳ ഐതീഹ്യകഥകൾ മനസ്സിലാക്കുന്നു.

### ആമുഖം

കേരളത്തിന്റെ ദേശീയോത്സവത്തെപ്പറ്റി പ്രതിപാദിക്കുന്ന കഥകൾ/വിശ്വാസങ്ങൾ/ആചാരങ്ങൾ എന്നിവ കണ്ടെത്താൻ കുട്ടികളോട് നിർദ്ദേശിക്കാം. അവർ കണ്ടെത്തിയ വിവരങ്ങൾ കുട്ടികൾ ചാർട്ടിലിടട്ടെ. ചാർട്ടിൽനിന്ന് കണ്ടെത്തിയ വിവരങ്ങൾവച്ച് അധ്യാപിക ഒരു പദസൂര്യൻ പൂർത്തിയാക്കണം.



## ഐതിഹ്യം

കേരളം വാണിരുന്ന ഒരു അസുരചക്രവർത്തിയായിരുന്നു മഹാബലി. അദ്ദേഹത്തിന്റെ ഭരണകാലം സമത്വസുന്ദരമായിരുന്നു. നാട്ടിൽ കള്ളവും ചതിയുമുണ്ടായിരുന്നില്ല. നന്മയും സമൃദ്ധിയും സന്തോഷവും മാത്രം നിലനിന്നിരുന്നു. ഇതിൽ ദേവൻമാർ അസൂയാലുക്കളായി. തന്റെ സ്ഥാനത്തിന് കോട്ടം തട്ടുമെന്ന് ഭയന്ന ദേവാധിപതി ദേവേന്ദ്രൻ എങ്ങനെയെങ്കിലും മഹാബലിയുടെ ഭരണം ഇല്ലാതാക്കണമെന്ന് കരുതി. ദേവേന്ദ്രൻ വിവരം മഹാവിഷ്ണുവിനെ അറിയിച്ചു. അങ്ങനെ മഹാവിഷ്ണു വാമനനായി അവതരിച്ചു. ഒരിക്കൽ മഹാബലി നർമദാനദിതീരത്ത് ഒരു യാഗം നടത്തുകയായിരുന്നു. ദാനശീലനായ മഹാബലിയുടെ മുൻപിൽ ഒരു ബ്രാഹ്മണകുമാരന്റെ വേഷത്തിൽ വാമനനെത്തി. തനിക്ക് മൂന്നടി മണ്ണ് ദാനമായി നൽകണമെന്ന് അപേക്ഷിച്ചു. മഹാബലി സമ്മതിച്ചു. ഉടൻ വാമനൻ ആകാശം മുട്ടേ വളർന്നു. ഒറ്റച്ചുവട് കൊണ്ട് ഭൂമിയും, അടുത്ത ചുവട് കൊണ്ട് സ്വർഗ്ഗവും അളന്നു. മൂന്നാമത്തെ ചുവട് എവിടെവയ്ക്കും എന്നു ചോദിച്ചപ്പോൾ ഇതാ എന്റെ ശിരസ്സെന്നു പറഞ്ഞ് മഹാബലി വാമനന്റെ മുൻപിലിരുന്നു. വാമനൻ മഹാബലിയുടെ ശിരസ്സിൽ ചവിട്ടിയെന്നും പാതാളത്തിലേക്ക് നയിച്ചുമെന്നുമാണ് കഥ. ഈ അവസരത്തിൽ മഹാബലി വാമനനോട് ഒന്നു മാത്രം ആവശ്യപ്പെട്ടു. എല്ലാ തിരുവോണനാളിലും പ്രജകളെ നടന്നുകാണാനുള്ള അനുവാദം നൽകണമെന്ന്. അങ്ങനെയാവട്ടെ എന്ന് വാമനൻ അനുഗ്രഹിക്കുകയും ചെയ്തു. അങ്ങനെയാണ് ഈ ദിനം മലയാളികൾ (കേരളീയർ) തിരുവോണമായി ആഘോഷിക്കുന്നത്. മാവേലിമന്നനെ സ്വീകരിക്കാനുള്ള ആഘോഷങ്ങൾ ചിങ്ങമാസത്തിലെ അത്തം മുതൽ തിരുവോണം വരെയുള്ള പത്തുദിവസങ്ങളിലായാണ് നടത്തപ്പെടുന്നത്.



⁂ **അത്തം പത്തിന് പൊന്നോണം:**

ചിങ്ങമാസത്തിലെ അത്തംനാൾ മുതൽ പത്താംദിവസമാണ് ഓണം. കളമെഴുതി പൂവിട്ട് ഓണത്തെ വരവേൽക്കുന്നു. കളത്തിലിടുന്ന പൂവിന് അത്തപ്പൂ, ഓണപ്പൂ എന്നെല്ലാം പേരുണ്ട്.

⁂ **ഓണത്തെ സംബന്ധിച്ച പഴഞ്ചൊല്ലുകൾ:**

- കാണം വിറ്റും ഓണം ഉണ്ണണം.
- ഓണം പിറന്നാലും ഉണ്ണി പിറന്നാലും കോരനു കഞ്ഞി കുമ്പിളിൽ തന്നെ.
- ഉള്ളതുകൊണ്ട് ഓണംപോലെ.

## പഠനപ്രവർത്തനങ്ങൾ

### പാഠപുസ്തകം

⁂ **പിരിച്ചെഴുതുക:**

- കള്ളത്തരം ⇢ കള്ളം + തരം
- വെള്ളിക്കോൽ ⇢ വെള്ളി + കോൽ
- എള്ളോളം ⇢ എള്ള് + ഓളം

⁂ **ചേർത്തെഴുതുക:**

- കള്ള + പറ ⇢ കള്ളപ്പറ
- മാനുഷർ + എല്ലാവരും ⇢ മാനുഷരെല്ലാവരും
- തുല്യം + ആയി ⇢ തുല്യമായി

⁂ **ഒറ്റപ്പദം:**

- പൊളിവചനം
- എള്ളോളം

### അഭ്യാസപുസ്തകം

⁂ **ശരിയായ പദം:**

1. ആപത്ത് 2. ആമോദം 3. ചതി

※ **ഓണം നമ്മുടെ ദേശീയോത്സവം:**

ആണ്ടിലൊരിക്കൽ മഹാബലി തന്റെ രാജ്യവും പ്രജകളെയും സന്ദർശിക്കാൻ ചിങ്ങമാസത്തിലെ തിരുവോണനാളിൽ എത്തുന്നു. അങ്ങനെ മഹാബലിയെ എതിരേൽക്കാൻ കേരളീയർ ആർഭാടപൂർവ്വം കാത്തിരിക്കുന്ന ആഘോഷമാണ് തിരുവോണം.

- ആമുഖം പരിശോധിക്കുക.
- പദസൂര്യൻ നോക്കുക.

## പാഠം 7 **നമ്മുടെ നാട് കേരളം**

### പഠനലക്ഷ്യങ്ങൾ

※ ലേഖനം തയ്യാറാക്കുന്നു.

※ വായനയിലൂടെ ആശയം ഗ്രഹിക്കുന്നു.

※ ആശയം പ്രസംഗരൂപത്തിൽ അവതരിപ്പിക്കുന്നു.

※ ലഘുക്കുറിപ്പുകൾ/വിവരണങ്ങൾ തയ്യാറാക്കുന്നു.

※ ഉചിതമായ ശീർഷകം/തലക്കെട്ടുകൾ നൽകുന്നു.

※ കേരളം - ചരിത്രം, ഐതീഹ്യം മനസ്സിലാക്കുന്നു.

### ആമുഖം

അധ്യാപിക കേരളത്തിന്റെ ഭൂപടം ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു. ഒപ്പം കേരളത്തിന്റെ പ്രത്യേകതകൾ വിശദമാക്കുന്ന വിവിധ ചിത്രങ്ങൾ ചാർട്ടിലാക്കി പ്രദർശിപ്പിക്കുന്നു. നമ്മുടെ നാട് കേരളം - ഗദ്യമോ/പദ്യമോ എഴുതാൻ കുട്ടികളോട് ആവശ്യപ്പെടാം. അവർ കണ്ടെത്തിയത് എഴുതിയത് കുട്ടികൾ തന്നെ അവതരിപ്പിക്കട്ടെ. കണ്ടെത്തിയ വിവരങ്ങൾ ബോർഡിലെഴുതാം.

ഉദാ: • എന്റെ നാട് കേരളം.



- മാതൃനാട്/ജന്മനാട്.
- മലകളും/പുഴകളും നിറഞ്ഞ നാട്.
- മലയാളമാണെൻ മാതൃഭാഷ.
- തിരുവോണം - നമ്മുടെ ദേശീയോത്സവം.
- കവികളും കഥകളും ജനിച്ചനാട്.

കേരളത്തെപ്പറ്റി കൂടുതലായി എന്തറിയാം എന്ന ചോദ്യത്തിനുത്തരം കണ്ടെത്താൻ അധ്യാപിക കുട്ടികളെ സഹായിക്കണം.

**എന്റെ സംസ്ഥാനം – കേരളം – ദൈവത്തിന്റെ സ്വന്തം നാട്**

| | |
|---|---|
| തലസ്ഥാനം | : തിരുവനന്തപുരം |
| ഭാഷ | : മലയാളം |
| ഔദ്യോഗിക മൃഗം | : ആന |
| ഔദ്യോഗിക പക്ഷി | : വേഴാമ്പൽ |
| ഔദ്യോഗിക പുഷ്പം | : കണിക്കൊന്ന |
| ഔദ്യോഗിക വൃക്ഷം | : തെങ്ങ് |

കേരളത്തിൽ 14 ജില്ലകൾ ഉണ്ട്.

※ കേരളത്തെപ്പറ്റിയുള്ള വിവരങ്ങൾ അധ്യാപികയുടെ സഹായത്തോടെ കുട്ടികൾ കണ്ടെത്തട്ടെ, കുറിപ്പ് തയ്യാറാക്കട്ടെ.

※ പാഠഭാഗം കുട്ടികൾ തനിയെ വായിക്കട്ടെ.

※ പാഠഭാഗത്തെ ആസ്പദമാക്കി ചോദ്യങ്ങൾ നൽകുക.

※ കുട്ടികൾ ഉത്തരം കണ്ടെത്തട്ടെ.

മാതൃക: • കേരളം പിറവിയെടുത്തത് എന്ന്?

- കേരളസംസ്ഥാനത്തിന്റെ ഉൽപത്തിയെക്കുറിച്ചുള്ള ഐതിഹ്യം എന്ത്?
- കേരം തിങ്ങുനാട് കേരളം എന്നു പറയാൻ കാരണമെന്ത്?

- അളം എന്ന പദത്തിനർഥമെന്ത്?
- നമ്മുടെ നാടിന്റെ പ്രത്യേകതകൾ എന്തെല്ലാം?

## പഠനപ്രവർത്തനങ്ങൾ

### പാഠപുസ്തകം

❊ **പിരിച്ചെഴുതുക**:

- വലിച്ചെറിഞ്ഞു ⇢ വലിച്ച് + എറിഞ്ഞു
- പിറവിയെടുത്തു ⇢ പിറവി + എടുത്തു
- എന്നാർത്ഥം ⇢ എന്നാണ് + അർത്ഥം

❊ **വാക്യരചന**:

- മോടികൂട്ടുന്നു: തൃശൂർപൂരത്തിന്റെ മോടികൂട്ടുന്ന ഒരു ചടങ്ങാണ് കുടമാറ്റം.
- ആഘോഷിക്കുന്നു: തിരുവോണം കേരളീയർ ഒന്നടങ്കം ആഘോഷിക്കുന്നു.

❊ **ഉത്തരങ്ങൾ**:

1. നവംബർ 1 ആണ് കേരളപ്പിറവിദിനം.
2. കേരളം പിറവിയെടുത്തതിന്റെ പിന്നിൽ പരശുരാമനാണെന്ന് പറയപ്പെടുന്നു. പരശുരാമൻ തന്റെ മഴു കടലിലേക്ക് വലിച്ചെറിഞ്ഞുവെന്നും മഴു ചെന്നവീണഭാഗത്തെ കടൽ കരയായി തീർന്നുവെന്നുമാണ് ഐതിഹ്യം.
3. ചേർ നിറഞ്ഞ അളം അഥവാ ചെളി നിറഞ്ഞ പ്രദേശം എന്നാണ് ചേരളം എന്ന പദത്തിനർത്ഥം.
4. കേരളത്തിന്റെ പ്രകൃതിഭംഗിയെക്കുറിച്ചാണ് എല്ലാവർക്കും ഒരേ അഭിപ്രായമുള്ളത്.



### അഭ്യാസപുസ്തകം

❊ **ഒറ്റവാക്കിൽ ഉത്തരം**:

1. 1956 നവംബർ 1
2. കടൽത്തീരം
3. പരശുരാമൻ
4. കേരളപ്പിറവിദിനം

❊ **ഐതിഹ്യം**:

- ഭാരതത്തിന്റെ തെക്കുപടിഞ്ഞാറേക്കോണിൽ കിടക്കുന്ന ഒരു ചെറിയരാജ്യമാണ് കേരളം.
- വടക്ക് ഗോകർണ്ണം തെക്ക് കന്യാകുമാരി.
- കേരളത്തിന്റെ ഉത്ഭവത്തപ്പറ്റി രണ്ടു പരാമർശങ്ങൾ പുരാണങ്ങളിലുണ്ട്.
- ഭഗീരഥൻ തപസ്സുചെയ്ത് ഗംഗാനദിയെ ഭൂമിയിൽ വരുത്തിയപ്പോൾ ഒരു പുണ്യസ്ഥലമായ ഗോകർണ്ണക്ഷേത്രം സമുദ്രത്തിൽ മുങ്ങിപ്പോയി.
- ക്ഷേത്രപരിസരങ്ങളിൽ വസിച്ചിരുന്ന മഹർഷിമാർ പ്രളയത്തിൽനിന്നും രക്ഷപ്പെട്ട് പരശുരാമനെ കണ്ട് സങ്കടം പറഞ്ഞു.
- സമുദ്രം വിഴുങ്ങിയ പ്രദേശം വിട്ടുകിട്ടണമെന്ന് പരശുരാമൻ വരുണനോട് പറഞ്ഞു.
- പരശുരാമൻ തന്റെ പരശു കടലിലേക്കെറിഞ്ഞു. പരശു വീണ പ്രദേശം വരെയുള്ള കടൽ മാറിപ്പോകുകയും ഗോകർണ്ണക്ഷേത്രം തെളിഞ്ഞുകാണപ്പെടുകയും ചെയ്തു. ഈ പ്രദേശമാണ് കേരളം.
- പരശുരാമൻ അശ്വമേധയാഗം കഴിച്ചു. യാഗത്തിൽ ഭൂമിമുഴുവൻ ബ്രാഹ്മണർക്കു ദാനം ചെയ്തു. ബ്രാഹ്മണർക്കുവേണ്ടി കശ്യപൻ ഭൂമിമുഴുവൻ ദക്ഷിണയായി ഏറ്റുവാങ്ങി. പിന്നീട് പരശുരാമൻ ഭൂമിയിൽനിന്ന് മാറിത്തരണമെന്ന് കശ്യപൻ ആവശ്യപ്പെട്ടു. അതനുസരിച്ച് പരശുരാമൻ തനിക്ക് താമസി

ക്കുന്നതിവേണ്ടി അമ്പെയ്ത് കടൽമാറ്റി കേരളം സൃഷ്ടിച്ചു എന്നു പറയപ്പെടുന്നു.

✳ **പ്രസംഗം:**

- കഴിഞ്ഞ പാഠഭാഗത്തു നൽകിയിരിക്കുന്നത് നോക്കുക.

## പാഠം 8 ദേവുവിന് ഒരു കത്ത്

### പഠനലക്ഷ്യങ്ങൾ

✳ കത്തിന്റെ മാതൃക മനസ്സിലാക്കുന്നു.

✳ കത്തെഴുത്ത് പരിശീലിക്കുന്നു.

✳ ഡയറി തയ്യാറാക്കാൻ പഠിക്കുന്നു.

✳ വിവിധവിഷയങ്ങൾ കുറിപ്പുകളാക്കുന്നു.

✳ പത്രവാർത്ത തയ്യാറാക്കുന്നു.

✳ രചനാശൈലി വളരുന്നു.

### ആമുഖം

- നമ്മുടെ രാജ്യം ഏത്?
- ഇന്ത്യ സ്വതന്ത്രമായത് എന്ന്?
- എങ്ങനെയാണ് നാം സ്വതന്ത്ര്യദിനം ആഘോഷിക്കുന്നത്?

✳ കുട്ടികൾ ഓരോരുത്തരായി ഉത്തരം പറയട്ടെ.

✳ അവരോട് സ്വതന്ത്ര്യദിനാഘോഷങ്ങളെ അടിസ്ഥാനപ്പെടുത്തി ഒരു പത്രവാർത്ത തയ്യാറാക്കാൻ ആവശ്യപ്പെടാം.

✳ കുട്ടികൾ സംഘങ്ങളായി തിരിഞ്ഞ് പത്രവാർത്ത തയ്യാറാക്കട്ടെ.



✳ നല്ല വാർത്തയ്ക്ക് മികച്ച പ്രോത്സാഹനം നൽകുകയും വേണം.

→ ഉചിതമായ ശീർഷകം

→ ലളിതമായ വാക്യങ്ങൾ

→ ഭംഗിയായ അവതരണം

✳ വിദ്യാലയത്തിൽ നടന്ന സ്വാതന്ത്ര്യദിനാഘോഷത്തെ പറ്റിയുള്ള വിവരം അന്യദേശത്ത് ജോലിചെയ്യുന്ന അച്ഛനെ എങ്ങനെ അറിയിക്കും?

ഉത്തരങ്ങൾ: ടെലഫോൺ, വാട്ട്സപ്പ്, ഇ-മെയിൽ, കത്ത് } ആശയവിനിമയോപാധികൾ

'കത്തെഴുത്ത്' ഏറ്റവും പ്രധാനപ്പെട്ട ആശയവിനിമയ മാർഗ്ഗം.

✳ എങ്ങനെ ഒരു നല്ല കത്തെഴുതാം? മാതൃകയ്ക്കായി പാഠഭാഗം കുട്ടികളെ പരിചയപ്പെടുത്തുക.

✳ കുട്ടികൾ മൗനവായന നടത്തട്ടെ.

✳ അധ്യാപിക വേണ്ട വിശദീകരണങ്ങൾ നൽകുക.

✳ ഇതേ മാതൃകയിൽ കുട്ടികൾ ഓരോരുത്തരും അവർക്കിഷ്ടപ്പെട്ട ഒരാൾക്ക് കത്തെഴുതട്ടെ.

### പഠനപ്രവർത്തനങ്ങൾ

#### പാഠപുസ്തകം

✳ **ഒറ്റവാക്കിൽ ഉത്തരം:**

1. ഗൗരി ദേവുവിനാണ് കത്തെഴുതിയത്.
2. എറണാകുളം എന്ന സ്ഥലത്തുനിന്നാണ് കത്തെഴുതിയിരിക്കുന്നത്.

3. ആഗസ്റ്റ് 15നാണ് ഇന്ത്യയുടെ സ്വാതന്ത്ര്യദിനം.
4. മുഖ്യമന്ത്രി ആയിരുന്നു പ്രധാന അതിഥി.

✳ **കത്തെഴുതുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:**

- സ്ഥലവും തീയതിയും രേഖപ്പെടുത്തണം.
- മേൽവിലാസം കൃത്യമായി എഴുതണം.
- സ്റ്റാമ്പ് ഒട്ടിയ്ക്കണം
- തപാൽപ്പെട്ടിയിൽ ഇടണം.
- കത്ത് എഴുതുമ്പോൾ വളരെ ലളിതമായിരിക്കണം.
- സംബോധന ഉചിതമായിരിക്കണം.
- കത്ത് അവസാനിക്കുമ്പോൾ എഴുതുന്ന ആളിന്റെ പേരും ഒപ്പും ചേർക്കണം.

✳ **ചിത്രം നോക്കിപ്പറയാം:**

- കത്തെഴുതാൻ ഉപയോഗിക്കുന്ന വിവിധതരം കാർഡുകൾ, ഇലന്റുകൾ, കവറുകൾ, ക്ലാസ്സിൽ കൊണ്ടുവന്നു പ്രദർശിപ്പിക്കാം. (ചുവർപത്രികയിൽ)

✳ **കത്തെഴുതാം:**

- മാതൃക നോക്കിയെഴുതുക.
- ഒരു കത്തിൽ വേണ്ട ഭാഗങ്ങൾ:

→ തലക്കെട്ട് — സ്ഥലം / തീയതി

→ സംബോധന: പ്രിയപ്പെട്ട/ബഹുമാനപ്പെട്ട/പ്രിയ

→ പ്രതിപാദ്യം: വിഷയം-ഖണ്ഡിക തിരിച്ചെഴുതണം.

→ പരിസമാപ്തി: സ്നേഹപൂർവ്വം/സസ്നേഹം ആദരപൂർവ്വം

→ പേര്, ഒപ്പ്

→ മേൽവിലാസം: വ്യക്തമായി എഴുതണം



**അഭ്യാസപുസ്തകം**

✳ **വിട്ടുപോയ ഭാഗങ്ങൾ:**

- കത്തെഴുത്ത്
- സംബോധന
- സ്റ്റാമ്പ്
- പോസ്റ്റുമാൻ
- സ്ഥലവും തീയതിയും
- മേൽവിലാസം
- തപാൽപെട്ടിയിൽ

## പാഠം 9 ആമയും മുയലും

### പഠനലക്ഷ്യങ്ങൾ

✳ കഥ വായിക്കുന്നു.
✳ ആശയം ഗ്രഹിക്കുന്നു.
✳ ഗ്രഹിച്ച കാര്യങ്ങൾ പറയുന്നു.
✳ കഥാരചന നടത്തുന്നു.
✳ ഗുണപാഠം മനസ്സിലാക്കുന്നു.
✳ ചിത്രം നോക്കി കഥ പറയുന്നു.
✳ സംഭാഷണരൂപത്തിലാക്കുന്നു.

### ആമുഖം

ആമയും മുയലും നടത്തിയ പന്തയത്തിന്റെ കഥ ഏവർക്കും അറിയാവുന്നതാണ്. പാഠഭാഗത്ത് നൽകിയിരിക്കുന്ന ചിത്രം കുട്ടികളെ പരിചയപ്പെടുത്തുക. ചിത്രത്തെ ആസ്പദമാക്കി കുട്ടികൾ കഥ പറയട്ടെ.

✳ കഥയിലെ സൂചനകൾ ബോർഡിലെഴുതണം.

മാതൃക: കിങ്ങിണിക്കാട്ടിൽ ഒരു മുയൽ ഉണ്ടായിരുന്നു.
ഒരിക്കൽ ആമയും മുയലും ഉറ്റസുഹൃത്തുക്കളായി.
ഓട്ടമത്സരം നടത്താൻ തീരുമാനിച്ചു.